**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 146** **19-01-2021 - ൽ മറുപടിയ്ക്ക്**

**കേരള അഗ്രോബിസിനസ് കമ്പനി രൂപീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുഹമ്മദ് മുഹസിൻ പി . ,<br>ശ്രീ. മുല്ലക്കര രത്നാകരൻ ,<br>ശ്രീ. ആർ. രാമചന്ദ്രൻ | | Shri. V. S. Sunil Kumar<br>(കൃഷി വകുപ്പുമന്ത്രി) | |
| (എ) | കാർഷിക ഉല്പന്നങ്ങളുടെ മൂല്യവർദ്ധനവിനും വിപണനത്തിനുമായി കേരള അഗ്രോബിസിനസ് കമ്പനി എന്ന പേരിൽ കമ്പനി തുടങ്ങുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്. 2017-18വർഷത്തെ സംസ്ഥാന ബജറ്റിൽ "Value Addition and Post Harvest Management including Honey production and Agro Business Company" എന്ന സ്കീമിനു വേണ്ടി 2435-01-800-94(പ്ലാൻ) ശീർഷകത്തിൽ 2700.00ലക്ഷം രൂപ വകയിരുത്തിയിരുന്നു. ആയതിൽ "കേരള അഗ്രോ ബിസിനസ്സ് കമ്പനി(കാബ്കോ)" യുടെ രൂപീകരണം എന്ന ഘടകത്തിനായി 150 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 09.10.2017-ലെ വർക്കിംഗ് ഗ്രൂപ്പ് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 09.10.2017-ലെ സ.ഉ(എം.എസ്)നം.123/17/എഡി പ്രകാരം കമ്പനി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 22.06.2017 തീയതിയിലെ സ.ഉ(ആർ.റ്റി)നമ്പർ. 625/2017/കൃഷി ഉത്തരവ് പ്രകാരം അഗ്രോ ബിസിനസ്സ് കമ്പനി രൂപീകരണത്തിനായുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കൾ(SPV) ആയി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡിനെ ചുമതലപ്പെടുത്തിയിട്ടുള്ളതും ടി കമ്പനി രൂപീകരണത്തിനായി 150 ലക്ഷം രൂപ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കാർഷിക ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവിനും, വിപണനത്തിനുമായി "സിയാൽ" മാതൃകയിൽ കേരള അഗ്രോ ബിസിനസ്സ് കമ്പനി എന്ന പേരിൽ കമ്പനി തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കമ്പനി രൂപീകരണം സംബന്ധിച്ച അടിസ്ഥാന |

| | | | |
|---|---|---|---|
| | | | വിഷയങ്ങൾ ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിരിക്കുകയാണ്. |
| (ബി) | പ്രസ്തുത കമ്പനി സ്ഥാപിക്കുന്നതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ; | (ബി) | കേരള അഗ്രോ ബിസിനസ്സ് കമ്പനി സ്ഥാപിക്കുന്നതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു: 1.സംസ്ഥാനത്ത് പുതിയതായി രൂപീകരിക്കുന്ന അഗ്രോപാർക്കുകളുടെ നടത്തിപ്പിന് ഒരു അപെക്സ് സ്ഥാപനം എന്ന നിലയിൽ കേരള അഗ്രോ ബിസിനസ്സ് കമ്പനി അനിവാര്യമാണ്. 2.ഓരോ സീസണിലെയും ഉൽപ്പന്നങ്ങളുടെ വിപണി വിശകലനം നടത്തുക. 3.കൃഷി വകുപ്പിന് കീഴിലുള്ള വിവിധ പൊതുമേഖലാ സ്ഥാപനങ്ങളായ കേരഫെഡ്, ഓയിൽപാം ഇൻഡ്യ ലിമിറ്റഡ്, കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ, കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, വാഴക്കുളം അഗ്രോ ആന്റ് ഫ്രൂട്ട് പ്രോസസിംഗ് കമ്പനി ലിമിറ്റഡ്, പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് തുടങ്ങിയ സ്ഥാപനങ്ങളുടെ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ വിപണനം സാധ്യമാക്കുന്നതിന് നല്ല ബ്രാൻഡിംഗ്, പാക്കേജിംഗ്, മാർക്കറ്റിംഗ് തന്ത്രങ്ങൾ തുടങ്ങിയവ ഏകോപിപ്പിക്കുന്ന മധ്യവർത്തിയായി നിലകൊള്ളുക. 4.കേരള അഗ്രോ ബിസിനസ്സ് കമ്പനി പ്രവർത്തനക്ഷമമാകുന്ന മുറയ്ക്ക് കൃഷി വകുപ്പിന് ഉൽപ്പാദനമേഖലയിൽ പൂർണ്ണമായ ശ്രദ്ധ കേന്ദ്രീകരിക്കാൻ കഴിയും. 5.കൃഷിക്കാർക്കും, എഫ്.പി.ഒയ്ക്കും, സംരംഭകർക്കും തങ്ങളുടെ ഉൽപ്പന്നങ്ങളുടെ മാർക്കറ്റിംഗിനു വേണ്ടി കേരള അഗ്രോ ബിസിനസ് കമ്പനിയുടെ സേവനം ലഭ്യമാക്കുവാൻ സാധിക്കും. 6.അധികോൽപ്പാദന സമയത്ത് കർഷകർക്ക് സഹായം ലഭ്യമാക്കുകവഴി, തങ്ങളുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ സാധിക്കും എന്ന ആത്മവിശ്വാസം കർഷകരിൽ ഉണ്ടാക്കുവാൻ സാധിക്കും. 7.കൃഷി വകുപ്പിന്റെ വിവിധ സ്ഥാപനങ്ങൾ വഴിയുള്ള ഉൽപ്പന്നങ്ങൾ പൊതുവായ ബ്രാൻഡിൽ വിപണിയിൽ ഇറക്കുക. 8.ആഭ്യന്തര, അന്തർദേശീയ വിപണികളിൽ അസംസ്കൃതവും മൂല്യവർദ്ധിതവുമായ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിലൂടെ കേരളത്തിൽ കാർഷിക ബിസിനസ്സ് വികസിപ്പിക്കുക. 9.സംസ്ഥാനത്ത് ഒരു ഊർജ്ജസ്വലമായ കാർഷിക വിപണന സംവിധാനം സ്ഥാപിക്കുക. 10.കൃഷി വകുപ്പിന് കീഴിലുള്ള കാർഷികോൽപ്പാദന കമ്പനികൾക്കും, പൊതുമേഖലാ സ്ഥാപനങ്ങൾക്കും, കൃഷിക്കാർക്കും മൂല്യ വർദ്ധനവിന് ആവശ്യാനുസരണം ഉപദേശങ്ങൾ നൽകുക. 11.അഗ്രോ പാർക്കുകൾ വഴിയുള്ള ഉൽപ്പന്നങ്ങൾ പൊതുവായ ബ്രാൻഡിൽ |

| | | | |
|---|---|---|---|
| | | | വിപണിയിൽ ഇറക്കുക. 12.കർഷകരുടേയും, കാർഷിക മേഖലയിലെ സഹകരണ സൊസൈറ്റികളുടേയും , സംരംഭകരുടേയും പ്രാതിനിധ്യം ഉൾക്കൊള്ളിച്ച് സിയാൽ മാതൃകയിൽ വിപണന കമ്പനി സ്ഥാപിക്കുക. |
| (സി) | കമ്പനിയുടെ ഘടന എപ്രകാരമായിരിക്കുമെന്നറിയിക്കുമോ; | (സി) | കമ്പനിയുടെ ഘടന സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. |
| (ഡി) | കൃഷി വകുപ്പിന്റെ വിവിധ സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനം സാധ്യമാക്കുന്നതിന് പ്രസ്തുത കമ്പനി രൂപീകരണം വഴിയൊരുക്കുമോ; വ്യക്തമാക്കുമോ? | (ഡി) | അഗ്രോ ബിസിനസ്സ് കമ്പനി രൂപീകരണം മുഖേന കൃഷി വകുപ്പിന്റെ കീഴിലുള്ള വിവിധ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങൾ പൊതുവായ ബ്രാൻഡിൽ വിപണിയിൽ ഇറക്കുന്നത് മൂലം ടി സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനം സാധ്യമാകുന്നതിന് സഹായകരമാണ്. ആഭ്യന്തര, അന്തർദേശീയ വിപണികളിൽ അസംസ്കൃതവും മൂല്യവർദ്ധിതവുമായ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിലൂടെ കേരളത്തിൽ കാർഷിക ബിസിനസ്സ് വികസിപ്പിക്കുക, അതു വഴി സംസ്ഥാനത്ത് ഒരു ഊർജ്ജസ്വലമായ കാർഷിക വിപണന സംവിധാനം സ്ഥാപിക്കുന്നതിനും, കൃഷി വകുപ്പിന് കീഴിലുള്ള കാർഷികോൽപ്പാദന കമ്പനികൾക്കും, പൊതുമേഖലാ സ്ഥാപനങ്ങൾക്കും, കൃഷിക്കാർക്കും മൂല്യ വർദ്ധനവിന് ആവശ്യാനുസരണം ഉപദേശങ്ങൾ നൽകുന്നതിനും കേരള അഗ്രോ ബിസിനസ്സ് കമ്പനിയുടെ രൂപീകരണം മൂലം സാധ്യമാകുന്നു. |

സെക്ഷൻ ഓഫീസർ